കെ. എസ്. ആർ. ടി. കോർപ്പറേഷനിലെ നിയമനങ്ങൾ

* 15 (29) ശ്രീ. കെ. പുരുഷോത്തമൻപിള്ള:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ അധികാരത്തിൽവന്ന മന്ത്രിസഭയുടെ കാലത്ത് കെ. എസ്. ആർ. ടി. കോർപ്പറേഷനിൽ വിവിധ ഉദ്യോഗങ്ങൾക്കായി എത്രയായിരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇവരിൽ എത്രപേർ നിയമിക്കപ്പെട്ടു;

(സി) ഈ അപേക്ഷകരിൽനിന്നല്ലാതെ പുറമെനിന്നും ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതേതെല്ലാം തസ്തികകളിൽ എത്രപേർക്ക്;

(ഈ) ഈ നിയമനങ്ങൾ ക്രമരഹിതമായിരുന്നെന്ന് ഗവൺമെൻറിന് അഭിപ്രായമുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) 1,28,036.

(ബി) 2,078.

(സി) ഉണ്ട്.

(ഡി) 1-1-1969 മുതൽ വിവിധ തസ്തികകളിൽ നിയമിക്കപ്പെട്ടവരുടെ പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്†.

(ഈ) ഉണ്ട്.

(എഫ്) 614 പേരുടെ സേവനം നിറുത്തിയിട്ടുണ്ട്. തുടർന്നുള്ള നിയമനങ്ങൾ പി. എസ്. സി. യെ എൽപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: പിരിച്ചുവിടപ്പെട്ടവരെയെല്ലാം നിയമിച്ചത് ഒരേ തീയതിയിലാണോ, അതോ പല തീയതികളിലായിട്ടാണോ? ഒരേ തീയതിക്ക് എത്രപേരെ വീതം നിയമിച്ചിട്ടുണ്ടെന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. എം. ജോർജ്ജ്: പിരിച്ചുവിടപ്പെട്ടവരെന്നുപറയുന്നതു തന്നെ സാങ്കേതികമായി ശരിയല്ല. നിയമപരമായി നിയമിച്ച ആരേയും പിരിച്ചുവിട്ടിട്ടില്ല. നിയമവിരുദ്ധമായി, യോഗ്യത പരിശോധിക്കാതെയും, മറ്റും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമിക്കപ്പെട്ടു എന്നു പറയുന്ന ആളുകളുടെ സേവനമാണ് നിറുത്തൽ ചെയ്തിട്ടുള്ളത്. അങ്ങനെയുള്ള ആളുകളിൽത്തന്നെ 1-1-1969 മുതൽ ജോലിയിൽ പ്രവേശിച്ചവരിൽ240 ദിവസം തികയാത്തവരുടെ സേവനമാണ് അവസാനിപ്പിച്ചിട്ടുള്ളത്. അവരെ പല തീയതികളിലാണ് നിയമിച്ചിട്ടുള്ളത്. അതിന്റെ കൃത്യ തീയതി പറയാൻ ഇപ്പോൾ സാധിക്കുകയില്ല.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: നമ്പൂതിരിപ്പാട് മന്ത്രിസഭ രാജിവച്ച ഒക്ടോബർ 24-ാം തീയതിക്കുശേഷം ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

---

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: അതിനുശേഷം ഏതാനും പേരെ നിയമിച്ചിട്ടുണ്ട്. പക്ഷേ അവരുടെ നിയമന ഉത്തരവു മുൻപുള്ള തീയതി വച്ചാണ്.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: അങ്ങനെ എത്രപേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. ജോർജ്: എത്രപേരെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നുള്ളതിന്റെ കൃത്യമായ കണക്ക് ഇപ്പോഴും എന്റെ കൈവശമില്ല. അതിന്റെ വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മുൻമന്ത്രിസഭയുടെ പതനം ആസന്നമായപ്പോഴും ഇമ്പിച്ചിബാവയും ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാനും കൂടി ജില്ലാ തലസ്ഥാനങ്ങളിൽ ക്യാമ്പുചെയ്തുകൊണ്ട് പാർട്ടിക്കാർക്കും സ്വന്തക്കാർക്കും നിയമന ആർഡറുകളും കയ്യിലെഴുതികൊടുത്തിരുന്നു എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഏതാനും കേസുകളും അങ്ങനെ ഉണ്ടായിട്ടുണ്ട്. അവരുടെ സേവനമാണ് അവസാനിപ്പിച്ചിട്ടുള്ളത്.

ശ്രീ. ബേബിജോൺ: ഒക്ടോബർ 17—ാം തീയതി മുതൽ 24—ാം തീയതിക്കകം എത്ര നിയമനങ്ങളും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നടന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. ജോർജ്: ഏതാണ്ട് 300—ഓളം നിയമനങ്ങളും നടന്നിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: ഇമ്പിച്ചിബാവയും ചെറിയാനും കൂടി ജില്ലാ ഹെഡ്കാർട്ടേഴ്സുകളിൽവച്ച് ധാരാളം പേരെ നിയമിച്ചു എന്നു പറഞ്ഞു. അവരുടെ ഒപ്പോടുകൂടിയുള്ള നിയമനം നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാമോ?

ശ്രീ. കെ. എം. ജോർജ്: ഈ പറയുന്ന നിയമനങ്ങളിലൊന്നിലും ഒപ്പില്ല. എന്നു മാത്രമല്ല തുണ്ടുകടലാസ്സിലും സിഗരറ്റുപെട്ടിയുടെ പുറത്തുമുള്ള നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ഇമ്പിച്ചിബാവയും ചെറിയാനും കൂടി നടന്നു ഡിസ്ട്രിക്ടു ഹെഡ്കാർട്ടേഴ്സുകളിൽ ചെന്ന് ഇതുപോലുള്ള ഉത്തരവുകളും കൊടുത്ത് ആളുകളെ നിയമിച്ചു എന്നു പറഞ്ഞു. അങ്ങനെ സിഗരറ്റുപെട്ടിയുടെ പുറത്തുള്ള ഉത്തരവുകളും ഒന്നു കാണിക്കാമോ?

ശ്രീ. കെ. എം. ജോർജ്: കാണിക്കാനൊന്നുമില്ലാത്ത നിയമനങ്ങളെക്കുറിച്ചാണല്ലോ പറയുന്നത്. എം. എം. ചെറിയാൻ നിയമനം നടത്തി എന്നു ആരും പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരി: നിയമവിരുദ്ധമായ നിയമനമാണ് നടത്തിയതെന്നു പറഞ്ഞു. ഈ നിയമനങ്ങളിൽ അപേക്ഷ കൊടുത്തിട്ടുള്ളവരും പരീക്ഷ കഴിഞ്ഞ് ഇൻറർവ്യൂ നടത്തിക്കൊണ്ട് നിയമിച്ച ആളുകളും ഉൾപ്പെടുമോ?

ശ്രീ. കെ. എം. ജോർജ്: നിയമവിരുദ്ധമായി നിയമനം നടന്നു എന്നു പറയുന്നതുതന്നെ വിവാഹം കഴിക്കാതെ വിവാഹമോചനം നടത്തി എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതുതന്നെ വിവാഹം കഴിക്കാതെ വിവാഹമോചനം നടത്തി എന്നു പറയുന്നതു പോലെയാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിലെ ആർടിക്കിൾ 34-ന് വിധേയമായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് പേരുവരുത്തി യോഗ്യത പരിശോധിച്ച് തിരഞ്ഞെടുത്ത് ആളെ നിയമിക്കാമെന്നാണ് വ്യവസ്ഥ. അങ്ങനെ നിയമിച്ചിട്ടുള്ള ആളുകളുടെ കാര്യമല്ല ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയല്ലാതെ, പേര് കുറിച്ചുകൊടുത്തു നിയമിക്കപ്പെട്ട ആളുകളെയാണ് പിരിച്ചുവിട്ടിട്ടുള്ളത്.

ശ്രീ. ഈ. ചന്ദ്രശേഖരൻനായർ: സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ച് ആളുകളെ നിയമിക്കുന്നത് ഇന്ന ഫാമിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലേ? റൂൾസ് അനുസരിച്ച് നിയമിച്ചിട്ടുള്ള ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഒരാളെയും പിരിച്ചുവിട്ടിട്ടില്ല.

ശ്രീ. എം. മോയ്തീൻകുട്ടിഹാജി: ഈ സഭയിൽ മുൻപത്തെ ട്രാൻസ്പോർട്ട് മന്ത്രി ക്ലീനായി നിയമിച്ചു എന്നു പറഞ്ഞ 'എ' ക്ലാസ് പൗരൻമാരായ വ്യക്തികളിൽ ആരെങ്കിലും ഈ പിരിച്ചുവിട്ടവരിൽ ഉൾപ്പെടുമോ?

ശ്രീ. കെ. എം. ജോർജ്: അദ്ദേഹം ഈ സഭയിൽ സമ്മതിച്ച 243 പേർ ഉൾപ്പടെ 900-ത്തിൽ ശിഷ്ടം ആളുകളെ നിയമിച്ചതിൽ 240 ദിവസം തികയാത്തവരെ മാത്രമേ പിരിച്ചുവിട്ടിട്ടുള്ളു. അതല്ലാതെ ആരേയും പിരിച്ചുവിട്ടിട്ടില്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ശ്രീ. സി. എച്ച്. കണാരന്റെ മകൾ ശ്യാമളയും, ശ്രീ. എ. കെ. ഗോപാലന്റെ മരുമകളും ദേശാഭിമാനിയുടെ തിരുവനന്തപുരം ലേഖകനായ ശ്രീ. മോഹനന്റെ പത്നിയുമായ പത്മാവതിയും, പേരൂർക്കട സദാശിവന്റെ ഭാര്യയായ ലളിതാംബികയും, ശ്രീ. ഓ. ജെ. ജോസഫിന്റെ ഒരു ബന്ധുവും ഈ പിരിച്ചുവിടപ്പെട്ടവരിൽ ഉൾപ്പെടുമോ?

ശ്രീ. കെ. എം. ജോർജ്: നിർഭാഗ്യവശാൽ ഈ മഹിളാരത്നങ്ങളെല്ലാം പെടും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മാനേജുമെൻറും യൂണിയനുകളും തമ്മിൽ, ഇതിനുമുൻപ് നിയമിച്ചിരുന്ന മുവായിരത്തോളം ആളുകളെ സംബന്ധിച്ച് അവരുടെ സർവ്വീസ് എന്തായാലും ശരി, അവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നുള്ള എഗ്രിമെൻറ് ഉണ്ടാക്കിയിട്ടില്ലേ? ആ എഗ്രിമെൻറിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്: ഈ പറയുന്ന എഗ്രിമെൻറ് ഇതിനുമുൻപ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്ന് നിയമിക്കപ്പെട്ട 240 ദിവസം തികയാത്ത ആളുകളെ സംബന്ധിച്ചിടത്തോളം ഒരാളെയും യാതൊരു കാരണവശാലും പിരിച്ചുവിടരുതെന്നുള്ളതിനെ സംബന്ധിച്ചുള്ളതാണ്. ആ എഗ്രിമെൻറിനുശേഷം നടന്ന സംഭവമാണ് ഇവിടെ പറഞ്ഞത്. ആ എഗ്രിമെൻറുമായി ഇതിന് യാതൊരു ബന്ധവുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആ എഗ്രിമെൻറിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ഇതിനുമുൻപ് നടന്നിരുന്ന കാര്യങ്ങളെ സംബന്ധിച്ച് തൊഴിലാളി യൂണിയനുകളും, മാനേജുമെൻറും തമ്മിൽ ആലോചിച്ച് ഉഭയസമ്മതപ്രകാരം ഉണ്ടാക്കിയ ഒരു എഗ്രിമെൻറാണ് അത്. അതിനുശേഷം ക്രമവിരുദ്ധമായി നടന്ന നിയമനങ്ങൾ വേറൊരു കാര്യമാണ്.

ശ്രീ. എം. രാമുണ്ണി: ഒക്ടോബർ 24-ാം തീയതി ഈ ഭാഗത്തിരുന്നുകൊണ്ട് ഈ ആളുകളെയൊക്കെ പിരിച്ചു വിടുമെന്ന് നിർഭാഗ്യകരമായി പറയേണ്ടിവന്ന അവസ്ഥാവിശേഷത്തിൽ അന്ന് ഈ ഭാഗത്തിരുന്ന മെമ്പർ ട്രാൻസ്പോർട്ട് മന്ത്രിയായപ്പോൾ പറഞ്ഞതു ചെയ്തു എന്നാണോ വിശ്വസിക്കേണ്ടത്?

ശ്രീ. കെ. എം. ജോർജ്: ഈ ഗവൺമെൻറിനെ സംബന്ധിച്ചും എന്നെ സംബന്ധിച്ചും വാക്കു പാലിക്കണമെന്ന് നിർബന്ധമുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: അന്നത്തെ ജനറൽ മാനേജർ കൃത്രിമം നടത്തി എന്നു പറയുന്ന ആറു സർക്കാർ സർവ്വീസു കാരനായിരുന്നു. അദ്ദേഹം പല സ്ഥലങ്ങളിലും ടൂർ ചെയ്തു പലരുമായി ആലോചിച്ച് ഇത്തരം കാര്യങ്ങൾ നടത്തിയിട്ടുണ്ടെന്നു വളരെ വ്യക്തമായ ആരോപണം വന്ന സ്ഥിതിക്ക് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അന്വേഷണത്തിന് ഗവൺമെൻറ് എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം വിജിലൻസ് കമ്മീഷൻ സമഗ്രമായി അന്വേഷിച്ച് അവരുടെ പ്രിലിമിനറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ പ്രിലിമിനറി റിപ്പോർട്ടിൽ ഡെപ്യൂട്ടി ജനറൽ മാനേജറായിരുന്ന ഹുസൈനെ സംബന്ധിച്ച് അനേകം പരാമർശനങ്ങളും ആക്ഷേപങ്ങളും ഉണ്ട്. എന്തു നടപടിയാണ് സ്വീകരിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ചു പഠിച്ചു തീരുമാനമെടുത്തുകഴിഞ്ഞിട്ടില്ല. തീരുമാനമെടുത്തുകഴിയുമ്പോൾ എന്താണു നടപടി എന്നാലോചിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻറെ സ്റ്റാൻഡിംഗ് ഓർഡറിന് വിരുദ്ധമായും ഗവൺമെൻറു ചട്ടപ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും നിയമനങ്ങൾ നടത്തിയിട്ടുള്ളത് റദ്ദാക്കി എന്നു പ്രസ്താവിക്കുകയുണ്ടായി. അതിനു മുമ്പായിത്തന്നെ ചട്ടത്തിന് വിധേയമായി അപേക്ഷകൾ ക്ഷണിച്ച് അത് പ്രോസസ് ചെയ്യാതേയും അതിൽനിന്ന് ആരേയും നിയമിക്കാതിരിക്കുകയും ചെയ്തിട്ടുള്ള അപേക്ഷകരെ സംബന്ധിച്ച് അവരെ നിയമിക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: അപേക്ഷ ക്ഷണിച്ച് അപേക്ഷകൾ പരിഗണിക്കാതെ കിടക്കുന്ന എൺപത്തോരായിരം അപേക്ഷകളുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മിഷനുമായി ഇതേപ്പറ്റി പ്രാഥമികമായി ചർച്ചകൾ നടത്തുകയും, അതുപോലെതന്നെ ഈ കോർപ്പറേഷൻറെ മുഴുവൻ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എൺപത്തോരായിരം അപേക്ഷകളും സ്ക്രീൻ ചെയ്ത് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എത്രയും വേഗം പരിശോധിച്ച് അതിൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മിഷൻ എത്രയും വേഗം ഇതിൻറെ ജോലി ചെയ്യണമെന്നു ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. മാധവൻ നായർ: ഈ സ്റ്റേറ്റിന്റെതന്നെ മുൻ ട്രാൻസ്പോർട്ട് മന്ത്രി ഇമ്പിച്ചി ബാവ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ എല്ലാ നിയമനങ്ങളും അംഗീകൃത നിയമപ്രകാരമാണ് നടത്തുന്നതെന്ന് ആവർത്തിച്ചാവർത്തിച്ച് സഭയിൽ നടത്തിയിരുന്ന ഉറപ്പ് അവഹേളനമായി ഇവിടുത്തെ മെമ്പറൻമാർക്ക് കണക്കാക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഒരു ചർച്ചയ്ക്ക് ഞങ്ങൾക്ക് അവസരം തരാൻ ദയവുണ്ടാകുമോ?

മി. സ്പീക്കർ: ചർച്ച വേണമോ എന്നുള്ള കാര്യം സഭാ നേതാക്കൻമാർ തീരുമാനിക്കേണ്ട കാര്യമാണ്. ഇപ്പോഴും അതിനു തയ്യാറില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: നിയമപ്രകാരം അപേക്ഷകരും അയച്ച് ഇന്റർവ്യൂ നടത്തി നിയമിച്ച ആളുകളേയും പിരിച്ചു വിട്ടതായി അറിയാമോ?

ശ്രീ. കെ. എം. ജോർജ്: നിയമപ്രകാരം നിയമിക്കപ്പെട്ട യാതൊരാളേയും പിരിച്ചയച്ചിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: എഗ്രിമെന്റുണ്ടെന്നു പറയുന്നത് അതുവരെ സർവ്വീസിലുണ്ടായിരുന്ന ആളുകളെ സംബന്ധിച്ചാണോ അതോ പുതിയ റിക്രൂട്ട്മെന്റിനെ സംബന്ധിച്ചാണോ?

ശ്രീ. കെ. എം. ജോർജ്: ഇതിനു മുമ്പ് സർവ്വീസിൽ ഉണ്ടായിരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഒരു ദിവസമെങ്കിലും സർവ്വീസിൽ ഇരുന്ന ആളുകളെ യാതൊരു കാരണവശാലും പിരിച്ചു വിടരുതെന്നാണ്.

ശ്രീ. ജോർജ് തോമസ്: 240 ദിവസം സർവ്വീസില്ലാത്തവരെയാണ് പിരിച്ചുവിട്ടതെന്നു പറഞ്ഞു. എന്നാൽ ന്യായരഹിതമായി തിരഞ്ഞെടുക്കപ്പെട്ടവരെ 240 ദിവസം പണിയെടുത്തു എന്നുള്ള കാരണം കൊണ്ടു മാത്രം അവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്.

ശ്രീ. കെ. എം. ജോർജ്: നിയമവിരുദ്ധമായിട്ടാണ് ഇങ്ങനെയുള്ള ആളുകളും സർവ്വീസിൽ പ്രവേശിച്ചതെങ്കിലും 240 ദിവസം വരെ ജോലിയിൽ ഇരുന്നതിനു ശേഷം പിരിച്ചു വിടുക എന്നത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് അനുസരിച്ച് ശരിയല്ലെന്നു നമ്മുടെ രാജ്യത്ത് അംഗീകരിച്ചിട്ടുള്ളതുകൊണ്ട് സൗജന്യബുദ്ധ്യാ 240 ദിവസത്തിന്റെ പാവനത കണക്കാക്കിക്കൊണ്ട് വച്ചിരിക്കുകയാണ്.

ശ്രീ. ജോർജ് തോമസ്: അങ്ങനെയാണെങ്കിൽ അപേക്ഷ അയച്ചിട്ടുള്ളവരോടും അപേക്ഷാഫീസ് ഒടുക്കിയിട്ടുള്ളവരോടും കാണിക്കുന്ന അനീതി അല്ലേ അത്?

ശ്രീ. കെ. എം. ജോർജ്: അനീതിയല്ലെ എന്നു ചോദിച്ചാൽ ഒരു തരത്തിൽ അനീതിയാണെന്നു പറയാമെങ്കിലും 240 ദിവസം ജോലിയിലിരുന്ന തൊഴിലാളിയെ പിരിച്ചു വിടുക എന്നുള്ളത് ഇന്നത്തെ ലോകത്തു ശരിയല്ല.

ശ്രീ. എ. വി. കുഞ്ഞമ്പു: 240 ദിവസം സർവ്വീസുള്ളവരെ പിരിച്ചു വിട്ടിട്ടില്ലെന്നു പറഞ്ഞു. എന്നാൽ 240 ദിവസം ജോലിചെയ്ത കോഴിക്കോട്ടു ട്രാൻസ്പോർട്ട് ആഫീസിൽ പ്രവർത്തിക്കുന്ന കണ്ടക്ടർ സുകുമാരൻ നായർ എന്നുപറയുന്ന ആളെ പിരിച്ചു വിട്ടിട്ടുണ്ടെന്ന കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. കരുണാകരൻ: 240 ദിവസം എന്നുള്ളത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ വേറെ ചില കാര്യങ്ങൾക്കുള്ള വ്യവസ്ഥയാണ്. സർവ്വീസിനെ സംബന്ധിച്ചുള്ളതല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ദിവസങ്ങൾ പരിഗണിക്കാതെ അർഹതപ്പെട്ട ആളുകളുണ്ടെങ്കിൽ 240 ദിവസമില്ലെങ്കിലും കൊടുക്കേണ്ടതാണ്. അതുകൊണ്ട് ന്യായരഹിതമായി കൊടുത്തിട്ടുണ്ടെങ്കിൽ അതേപ്പറ്റി പരിശോധിക്കുമോ?

ശ്രീ. കെ. എം. ജോർജ്: ഈ സഭയ്ക്ക് ആ അഭിപ്രായമാണുള്ളതെങ്കിൽ അക്കാര്യം പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം. എം. തോമസ്: കോട്ടയം, എറണാകുളം ഡിസ്ട്രിക്റ്റിൽ പ്രൈവറ്റ് റൂട്ടുകൾ ദേശവൽക്കരിച്ചപ്പോൾ അതിലെ ചില ജോലിക്കാർക്ക് ജോലി കിട്ടാതെ വരികയും ജോലി ഇല്ലാതിരുന്ന ചില ആളുകൾക്ക് ജോലി കിട്ടുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കുമോ?

ശ്രീ. കെ. എം. ജോർജ്: അങ്ങനെ ജോലിയില്ലാതെ നിൽക്കുന്നവരെ എത്രയും വേഗം സർവ്വീസിൽ എടുക്കണമെന്ന് ഗവൺമെന്റ് വ്യക്തമായ നിർദ്ദേശം കൊടുക്കുകയുണ്ടായി. എന്നാൽ മറ്റു രംഗങ്ങളിൽ നിയമനം നടത്തിയതുപോലെ സർവ്വീസിൽ ഇല്ലാതിരുന്ന ആളുകളെ ഇൻറർവ്യൂ നടത്തി നിയമിച്ചിട്ടുണ്ട്. അതേസമയം ജോലിയിൽ ഇരുന്ന ആളുകൾ പുറത്ത് നിൽക്കുകയുമാണ്. ഇതിന്റെ പിന്നിൽ ചില കഥകളുണ്ട്. അങ്ങനെയുള്ളതു പരിശോധിച്ച് യഥാർത്ഥത്തിൽ സർവീസിലുണ്ടായിരുന്ന ജോലിക്കാർക്ക് ജോലി കൊടുക്കുന്നതിന് അതിവേഗം നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഈ ദിവസങ്ങളിൽത്തന്നെ അവർക്കു ജോലി കിട്ടിക്കൊണ്ടിരിക്കുകയാണ്. എഗ്രിമെന്റ് അനുസരിച്ചുള്ള മുഴുവൻ ആളുകൾക്കും എത്രയും വേഗം നിയമനം കൊടുക്കുന്നതാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ഈ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആഭ്യന്തര കാര്യങ്ങളിൽ ഗവൺമെന്റിന് ഇടപെടാൻ അവകാശമില്ലെന്നും, ഗവൺമെന്റിന്റെ ഇത്തരം പ്രസ്താവനകൾ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ആരും അംഗീകരിക്കുകയില്ലെന്നും കാണിച്ചുകൊണ്ട് അന്നത്തെ ചെയർമാനായിരുന്ന ആൾ ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും എന്നാൽ ആ ആൾ ഇന്ന് ചെയർമാനല്ലാതാകുകയും ചെയ്തിരിക്കുന്ന സ്ഥിതി എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എം. ജോർജ്: അതേപ്പറ്റിയൊന്നും വിശദീകരിക്കേണ്ടതില്ല. ആദ്യം അങ്ങനെയൊരു പ്രസ്താവന പുറപ്പെടുവിച്ചതായി പത്രത്തിൽ വായിച്ചു. പിന്നീടു ശരിയായ നിയമോപദേശം കിട്ടിയപ്പോൾ ആ അഭിപ്രായത്തിൽനിന്നും പിൻമാറി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമനങ്ങൾ വിടുന്നതിന് മുമ്പ് 10 രൂപാ ഫീസും, 8 അണ ഫോം വാങ്ങാനും കൊടുത്തിട്ടുണ്ട്. ഇനി പബ്ലിക് സർവ്വീസ് കമ്മിഷൻ വിടുമ്പോൾ വീണ്ടും 10 രൂപാ അടയ്ക്കേണ്ടതായി വരുമോ? അതോ ആ അപേക്ഷതന്നെ കൺസിഡർ ചെയ്യുമോ?

ശ്രീ. കെ. എം. ജോർജ്: ഒരിക്കൽ അപേക്ഷാ ഫീസ് അടച്ച ആരിൽ നിന്നും വീണ്ടും ഫീസ് ഈടാക്കരുതെന്നാണ് ഗവൺമെന്റിന്റെ നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. അബു: ഇനിമേലിലുള്ള നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടു എന്നു മന്ത്രി പറയുകയുണ്ടായി. കോർപ്പറേഷനു നേരിട്ട് നിയമിക്കാവുന്ന താൽക്കാലികാടിസ്ഥാനത്തിലുള്ള വല്ല പ്രത്യേക നിയമനവുമുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇനി മേലിലുള്ള നിയമനങ്ങളെന്നു പറഞ്ഞാൽ നവംബർ ഒന്നാം തീയതി ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ഒറ്റ ആളെപ്പോലും കോർപ്പറേഷനിൽ നിയമിച്ചിട്ടില്ല. ഈ നവംബർ ഒന്നാം തീയതി മുതലുള്ള മുഴുവൻ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിടുകയാണു ചെയ്തത്. ഇങ്ങനെ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടതിൽ ഏറ്റവും താഴെക്കിടയിലുള്ള സ്ക്കാവഞ്ചർ സ്വീപ്പർ എന്നീ രണ്ടു വിഭാഗത്തിലുള്ള നിയമനങ്ങൾ പബ്ളിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്നത് ശരിയല്ലെന്നു അഭിപ്രായമുള്ളതുകൊണ്ടാണ് ഈ രണ്ടു വിഭാഗക്കാരേയും നിയമിക്കുന്നതിനുള്ള അധികാരം പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കാത്തത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങു പറഞ്ഞിട്ടുള്ള ഈ ഉത്തരവിൽത്തന്നെ രണ്ടു വർഷത്തേക്ക് താൽകാലികമായി നിയമിക്കാൻ അധികാരമുണ്ട്, രണ്ടു കൊല്ലത്തേക്കു കോൺട്രാക്ടാടിസ്ഥാനത്തിൽ നിയമിക്കാൻ അധികാരമുണ്ട്. ഇങ്ങനെ നിയമിക്കുന്നത് മാനേജരായിരിക്കും. ഇതുപോലെ ചിലതെല്ലാം വിട്ടുകൊടുത്തിട്ടുണ്ട്. മാനേജർക്ക് നിയമിക്കാൻ അധികാരമുണ്ടെന്ന് ഇപ്പോഴം പറഞ്ഞ സ്ക്കാവഞ്ചർ, സ്വീപ്പർ, പ്യൂൺ തുടങ്ങിയ പലരേയും പിരിച്ചുവിട്ടിട്ടുണ്ട്. എതാണ്ട് 85 പേർ ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ 85 പേരെ പിരിച്ചു വിട്ടതിന് എന്തു ന്യായമാണ് പറയാനുള്ളത്. അപേക്ഷ ക്ഷണിച്ച് ഇൻറർവ്യൂ നടത്തുന്നതിൽ പെടുന്നതല്ല.

ശ്രീ. കെ. എം. ജോർജ്: സ്കാവഞ്ചർ, സ്വീപ്പർ തുടങ്ങിയവ പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്ന് പറയുന്നതു ശരിയല്ല. അങ്ങനെ ചെയ്താൽ ചില പ്രദേശങ്ങളിൽ മനുഷ്യർക്ക് നിൽക്കാൻ പ്രയാസമുണ്ടാകും. അവരെ മാത്രം നിയമിക്കുന്നതിന് മാനേജർക്ക് അധികാരം കൊടുക്കേണ്ടത് നമ്മുടെ പൊതുവായ ആവശ്യമാണ്. അങ്ങനെയുള്ള ആളുകളെപ്പോലും എംപ്ലോയ്മെൻറ് എക്സ്ചേയ്ഞ്ചിൽനിന്നു വിളിച്ചേ നിയമിക്കാൻ പാടുള്ളൂ. അതല്ലാതെ അവരവരുടെ ഇഷ്ടം പോലെ നിയമിക്കുകയല്ല ചെയ്യേണ്ടത്. അവരെ പിരിച്ചുവിട്ടു എന്നു പറയുന്നത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന അല്ലാതേയും നിലവിലിരിക്കുന്ന സ്റ്റാൻഡിംഗ് ഓർഡറിനും റൂളിനും എതിരായും നിയമിച്ചിട്ടുള്ളതായതുകൊണ്ടാണ്. ഇങ്ങനെയുള്ളവർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്താൽ അവരേയും നിയമിക്കുന്നതിനു യാതൊരു വിരോധവുമില്ല.

WRITTEN ANSWERS

ചിട്ടി കോർപ്പറേഷൻ

* 16 (31) ശ്രീ. എം. രാമുണ്ണി:

ശ്രീ. കെ. കെ. അബു: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

ചിട്ടി കോർപ്പറേഷൻറെ ചെയർമാനായി നിയമിതനായ മുൻ മന്ത്രി ശ്രീ. പി. ആർ. കുറുപ്പ് രാജിവയ്ക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly